# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2949 — 10.03.2017 ൽ മറുപടിക്ക്

### റാന്നിയിലെ വിവിധ മരാമത്ത് പണികൾ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**ഉത്തരം**

ശ്രീ.ജി.സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) റാന്നി പിൽഗ്രിം സെന്റർ, മിനി സിവിൽ സ്റ്റേഷൻ, റാന്നി താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക്, വെച്ചൂച്ചിറ പോളിടെക്നിക്ക് എന്നിവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഓരോന്നിന്റെയും എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്;<br>(ബി) ഇത് മൊത്തം നിർമ്മാണത്തിന്റെ എത്ര ശതമാനമാണ്; എന്നത്തേയ്ക്ക് ഇവയുടെ നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് പറയാമോ; | (എ) & (ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മിനി സിവിൽ സ്റ്റേഷൻ ബ്ലോക്ക് 1-ന്റെ നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഈ പ്രവൃത്തിക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;<br>(ഡി) ഇതു സംബന്ധിച്ച ഫയൽ ആരുടെ പക്കലാണ് ഉള്ളത്; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) & (ഡി) മിനി സിവിൽ സ്റ്റേഷൻ ബ്ലോക്ക് 1-ന്റെ അവശേഷിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണത്തിന് 16 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലുണ്ട്. ഫയൽ നമ്പർ : 5830/2016. എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ഇ) പിൽഗ്രിം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ഭരണാനുമതിയുള്ള ഫയൽ | (ഇ) പിൽഗ്രിം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് 22 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി- |

[redacted]

| | |
|---|---|
| ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് പറയാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ക്കുള്ള ഫയൽ ഇപ്പോൾ പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കലാണുള്ളത്. ഫയൽ നമ്പർ: 157/2017. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| പ്രവൃത്തിയുടെ പേര് | നിർമ്മാണ പുരോഗതി / ഇനി പൂർത്തിയാകാനുള്ളവ | മൊത്തം ശതമാനം | പൂർത്തിയാകുന്ന തീയതി |
|---|---|---|---|
| റാന്നി പിൽഗ്രിം സെന്റർ | ഒന്നാംഘട്ടത്തിന്റെ പൈലിംഗ് വർക്കുകൾ തുടങ്ങി. 640 പൈലുകൾ ഉള്ളതിൽ 50 എണ്ണം പൂർത്തിയായി. | 8 | 31/12/17 ൽ പൂർത്തിയാകത്തക്ക വിധത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| മിനി സിവിൽ സ്റ്റേഷൻ, റാന്നി | രണ്ടാം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ബ്ലോക്കിന്റെ ഒന്നാം നിലയുടെ നിർമ്മാണവും ഇലക്ട്രിക്കൽ വർക്കും പൂർത്തീകരിച്ചു. ഒന്നാം ബ്ലോക്കിന്റെ 4 നിലകൾ പൂർത്തിയാക്കാനുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. | കണക്കാക്കിയിട്ടില്ല. | |
| റാന്നി താലൂക്ക് ആശുപത്രി ഒ.പി.ബ്ലോക്ക് | 4 നിലയുടെ നിർമ്മാണം പൂർത്തിയായി. ലിഫ്റ്റിന്റെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിക്കൽ പണികൾ പൂർത്തിയായി. | 90 | 31/03/17 ൽ പൂർത്തിയാകത്തക്കവിധത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| വെച്ചൂച്ചിറ പോളിടെക്നിക് | 3 നില അക്കാദമിക് ബ്ലോക്കിന്റെ പണികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് ഇവ പൂർത്തിയാക്കാനുണ്ട്. | 60 | 30/06/17 ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| വെച്ചൂച്ചിറ ലേഡീസ് ഹോസ്റ്റൽ | എഗ്രിമെന്റ് വെച്ചുകഴിഞ്ഞു. | - | 16-02-2017 ൽ- എഗ്രിമെന്റ് വച്ച ഈ പ്രവൃത്തി 15 മാസം കൊണ്ടു പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ